ചരിത്രമായി സാന്ത്വന സ്പർശം

ടി.ടി.ജെ. ഹൈസ്കൂൾ ഗ്രൗണ്ടിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി പരാതി സ്വീകരിക്കുന്നു

കൊട്ടുകരയിലെത്തിയ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ആദിവാസികളിൽ നിന്നും പരാതി കേൾക്കുന്നു

ശ്വാസമായി മാറി.

കാഴ്ചയില്ലാത്തവർ, സംസാരശേഷി നഷ്ടപ്പെട്ടവർ, ശരീരം തളർന്നവർ, ജന്മനാ മറ്റു വൈകല്യമുള്ളവർക്കും ജീവിതത്തിന്റെ സായംസന്ധ്യയിൽ എത്തിനിൽക്കുന്ന വയോജനങ്ങൾക്കും ജീവിതത്തിൽ കഷ്ടപ്പാടുകൾ വിധിക്കപ്പെട്ടവർക്കും കൈതാങ്ങായി മാറുകയുണ്ടായി ജനനായകന്റെ ജനസമ്പർക്ക പരിപാടി.

മുഖ്യമന്ത്രിയുടെ മുൻപിൽ ബഹുജനങ്ങളും രോഗാതുരരും അഴിച്ച ഭാണ്ഡം പ്രശ്നങ്ങളും പ്രയാസങ്ങളും വേദനകളും നിറഞ്ഞ കളിൽ പല തവണ കയറിയിറങ്ങിയിട്ടും പരിഹരിക്കപ്പെടാതെ കിടന്ന പരാതികൾക്ക് മുഖ്യമന്ത്രി തീർപ്പുണ്ടാക്കുകയുണ്ടായി.

പറയുകയും എഴുതി നൽകുകയും ചെയ്ത എല്ലാ പരാതികളിലും വ്യക്തമായ തീരുമാനമാണ് മുഖ്യമന്ത്രി എടുത്തത്.

വേദന തിന്നു കഴിയുന്ന ഒട്ടേറെ കുടുംബങ്ങൾക്ക് ആശ്വാസത്തിന്റെ വെള്ളിപ്പൂ പകരുന്നതായിരുന്നു ജനസമ്പർക്ക പരിപാടി.

ജനസമ്പർക്ക പരിപാടി തുടങ്ങുന്നതിന് മണിക്കൂറുകൾക്ക് മുൻപ് തന്നെ ആയിരങ്ങളെ കൊൾ ഗ്രൗണ്ട് നിറഞ്ഞിരുന്നു. ആർത്തിരമ്പിയ ജനസഞ്ചയത്തിനിടയിലൂടെ ഒണിക്കൂറുകൾ നടന്നുനീങ്ങിയാണ് മുഖ്യമന്ത്രി പരാതികൾ കേട്ടതും പരിഹാരം നിർദ്ദേശിച്ചതും.

ജനസമ്പർക്ക പരിപാടിയിൽ എത്തുന്നതിന് മുൻപ് വനത്തിനുള്ളിലെ കൊട്ടുകര കോളനി മുഖ്യമന്ത്രി സന്ദർശിക്കുകയുണ്ടായി. കാട്ടുമൃഗങ്ങളോടും പ്രതികൂല കാലാവസ്ഥയോടും മല്ലടിച്ച് ജീവിതം തള്ളി നീക്കുന്ന വനവാസികളെ കാണാനും അവരുടെ നീറുന്ന പ്രശ്നങ്ങൾ പരിഹരിച്ച് പുനരധിവസിപ്പിക്കാനുമാണ് മുഖ്യ

നട്ടുച്ച നേരത്തും സൂര്യപ്രകാശം ഭൂമിയിലെത്താൻ കഴിക്കുന്ന ഈ വനാന്തരത്തിൽ രാവിലെ ആറരയോടെ മുഖ്യമന്ത്രി എത്തിയിരുന്നു. കൽപ്പറ്റയിൽ നിന്ന് 60 കി. മീറ്റർ അകലെയുള്ള കൊട്ടുകരയിൽ അതിവേഗം ബഹുദൂരം സഞ്ചരിച്ച് നിശ്ചിത സമയത്തിൽ നിന്നും 15 മിനിറ്റ് വൈകിയാണ് ജനസമ്പർക്ക പരിപാടിയിലേക്ക് ജനനായകനെത്തിയത്.

രാത്രി വൈകിയും പരാതി പരിഹാര വേദിയിൽ മുഖ്യമന്ത്രി അക്ഷീണനായി പരാതികൾ പരിഹരിച്ചപ്പോൾ ജനപ്രതിധികൾക്കും ഉ

കാത്തിരിക്കേണ്ടിവന്നു.

നേരത്തെ പേര് രജിസ്റ്റർ ചെയ്യാത്ത ഏഴായിരത്തോളം അപേക്ഷകരും ഇന്നലെ മുഖ്യമന്ത്രിയെ കാണാൻ വിവിധ ആവശ്യങ്ങളുമായി നിവേദനങ്ങളുമായെത്തിയിരുന്നു.

കുറഞ്ഞ സമയം കൊണ്ട് ജനസമ്പർക്കപരിപാടിയുടെ ഉദ്ഘാടന ചടങ്ങ് തീർക്കുകയുണ്ടായി. സ്വാഗതം പ്രസംഗികൻ ജില്ലാ കലക്ടർ ഗോപാലകൃഷ്ണഭട്ട് മുതൽ നന്നി പറഞ്ഞ സബ് കലക്ടർ ഹരികിഷോർ വരെ കുറഞ്ഞ വാക്കുകളിലൊതുക്കി. ജനങ്ങളും സർക്കാരും തമ്മിലുള്ള അകലം കുറ

തുജനസമ്പർക്ക പരിപാടിയെന്ന് മുഖ്യമന്ത്രി പറഞ്ഞു.

എം.വി. ശ്രേയാംസ് കുമാർ എം.എൽ.എയായിരുന്നു അദ്ധ്യക്ഷൻ, മന്ത്രി പി.കെ.ജയലക്ഷ്മി, എം.ഐ. ഷാനവാസ് എം.പി, ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.എൽ. പൗലോസ് എന്നിവരും ആശംസയർപ്പിച്ചു.

നഗരസഭാ ചെയർമാൻ എ.പി. ഹമീദ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ സലീം മേമന, വൽസാ ചാക്കോ, സി. അബ്ദുൽ അഷ്റഫ്, എ.എസ്. വിജയ വിവി

പി.വി. ബാലചന്ദ്രൻ, കെ.അ
അഹ്മദ് ഹാജി, പ്രൊഫ
കെ.പി. തോമസ്, കെ.ജെ. ദേ
വസ്യ, കെ.കെ. ഹംസ
എം.സി. സെബാസ്റ്റ്യ
പി.എ. ആലി ഹാജി, എം.
ഹമ്മദ് ബഷീർ, എൻ.കെ.
ഷീദ്, പി.ടി. ഗോപാലക
റുഷ്, പി.കെ. ഗോപാലൻ
എം.എ. ജോസഫ്, അഡ്
പി. ചാത്തുക്കുട്ടി, വി.
സൈനാർ ഹാജി, അഡ്വ.
ൻ. ഖാലിദ് രാജ, എ.പി.
കുമാർ, വി.എ. ജമീൽ, പി.
കാശൻ, തുടങ്ങിയവർ സ

രാതികളുടെ പ്രളയം തീർത്തത് ടതുസർക്കാറിന്റെ പിടിപ്പുകേട്

ർക്ക പരി
ാതികളു
ത്ത് ഇട
പിടിപ്പു
മുൻസർ
് വിവിധ
ുകളിൽ
പരിഹാ
ുറുകണ
ായാണ്
ിപാടിയി
പരിഭവ
ങ്ങളുമാ
ഷകൾ മു

വ്യമന്ത്രിയുടെ മുൻപിലെത്തി. വർഷങ്ങളായി സർക്കാർ ഫയലുകളിലെ ചുവപ്പുനാടയിൽ കുടുങ്ങിയ ജീവൽ പ്രശ്നങ്ങളുൾപ്പെടെ അണപൊട്ടിയ സങ്കടവുമായെത്തിയവർക്കും മുഖ്യമന്ത്രിയുടെ സമ്പർക്ക പരിപാടി സാന്ത്വനമേകി.

റേഷൻ കാർഡ് ബി.പി.എൽ ലിസ്റ്റാക്കുന്നത് മുതൽ വിവിധ ധനസഹായങ്ങൾ ലഭിക്കുന്നത് വരെയുള്ള പരാതികളുമായി വർഷങ്ങളായി സർക്കാർ ഓഫീസുകളിലെത്തിയിട്ടും പരിഹാരമാവാത്തിനെ തുടർന്ന് അവസാന അഭയമായി മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പ

രിപാടിയെ കണ്ട നൂറുകണക്കിന് ആളുകളുണ്ട്. ഇവരുടെ പരാതികൾക്ക് ജനസമ്പർക്ക പരിപാടിയിലൂടെ പരിഹാരം കാണുകയുണ്ടായി.

കൈവശ ഭൂമിക്ക് പട്ടയം ലഭിക്കുന്നില്ലെന്ന പരാതികളും നിരവധിയുണ്ടായി. എൽ.ഡി.എഫ് സർക്കാർ ജില്ലയിൽ പരിഹരിക്കുമെന്ന് ആവർത്തിച്ച് വാഗ്ദാനം നൽകിയ പ്രശ്നങ്ങളിലൊന്നായിരുന്നു കൈവശക്കാർക്ക് പട്ടയം നൽകുമെന്നത്. എന്നാൽ അധികാരം വീട്ടൊഴിയുന്നത് വരെ പട്ടയം നൽകുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിക്കുകയുണ്ടായില്ല.

എൽ.ഡി.എഫ് സർക്കാറിന്റെ അനാസ്ഥമൂലം പരിഹരിക്കപ്പെടാത്ത നൂറുകണക്കിന് പ്രശ്നങ്ങളാണ് ഇന്നലെ പരിഹാരമായത്.

രണ്ടായിരത്തോളം അപേക്ഷകൾ ആദിവാസികൾക്ക് ഭൂമിയും സ്ഥലവും ആവശ്യപ്പെട്ടുള്ളതായിരുന്നു. ആരാന്റെ ഭൂമിയിൽ കയ്യേറുകയും കുടിയിരുത്തുകയും ചെയ്ത് ഒടുവിൽ ആദിവാസികളെ കബളിപ്പിക്കുകയാണ് ഇടത് മുന്നണി ഭരണത്തിലുള്ള അഞ്ച് വർഷവും ചെയ്തത്.

ധനസഹായങ്ങൾ : പാമ്പു കടിയേറ്റവര മുതൽ കാട്ടാന കൊന്നവർ വരെ

കൽപ്പറ്റ : സ്റ്റേജിൽ വിതരണം ചെയ്ത ധനസഹായങ്ങൾ: മാനന്തവാടി താലൂക്ക് : കാലവർഷത്തിൽ മരണമടഞ്ഞ പെരുവടിയിൽ സീതയുടെ കുടുംബത്തിനും, പുളിക്കൽ അനുപമയുടെ കുടുംബത്തിനും, വാകേരി അംബേദ്കർ കോളനിയിലെ കാർത്തിയുടെ കുടുംബത്തിനും ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 124 കേസുകളിലായി 5,000 രൂപ വീതം 6,20,000 രൂപയും ദേശീയകുടുംബക്ഷേമനിധിയിൽ നിന്നും 42 കേസുകളിലായി 10,000 രൂപ വീതം 4,20,000 രൂപയും

ബത്തേരി താലൂക്ക്: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും മൂവായിരം രൂപ വീതം ജീനാടത്ത് സുമക്ക് മകളുടെ ചികിത്സക്കും പുത്തൻപുരക്കൽ ജോർജ്ജ്പി.ജോസഫിനും നൽകി.

പട്ടയം : തായ്ത്തൊടി സുബൈർ നബീസ-10 സെന്റ്, ദേശീയ കുടുംബക്ഷേമം - 1) ഹസീന ബഷീർ - 10,000 രൂപ, ഓമന രാജഷൻ പുലിമത്തേത്ത് - 10,000 രൂപ. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 2,22,500 രൂപയും എൻ.എച്ച്.ബി.എസ് 14 കേസുകളിലായി 10,000 രൂപ വീതം 1,40,000 രൂപയും

വൈത്തിരി താലൂക്ക് : മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിച്ചവർ - 1) മിനികുളത്തിൽ, പുത്തൂർവയൽ രാമൻ. കൊയിണി കോടൻ ഹസ്സൻ, പൂളക്കണ്ടി മാധവൻനായർ, പാറക്കുഴിയിൽ പാത്തുമ്മ

ദേശീയകുടുംബക്ഷേമം - ധനസഹായം : ശിവപുരം സീതാലക്ഷ്മി ശിവാനന്ദൻ - 10,000 രൂപ, കൈനിക്കൽ ഷമീന - 10,000, കയ്യാർ ശാന്ത - 10,000 രൂപ

കാലവർഷത്തിൽ മരണപ്പെട്ട

രണ്ടാംക്ലാസ്സ് വിദ്യാർത്ഥി സനുവിന്റെ കുടുംബത്തിന് ഒരു ലക്ഷം രൂപയും അനുവദിച്ചു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 482 കേസുകളിലായി 10,19,000 രൂപയും എൻ.എച്ച്.ബി.എസിൽ 46 കേസുകളിലായി 10,000 രൂപ വീതം 4,60,000 രൂപയും അനുവദിച്ചു.

വനം വകുപ്പിന്റെ ധനസഹായങ്ങൾ : സമീത് വയനാട് ഡിവിഷനിൽ ലോട്ടി റെയ്ഞ്ചിലെ മുട്ടിൽ സെക്ഷൻ പരിധിയിലുള്ള പൊത്തുകെട്ടിയിൽ പാമ്പുകടിയേറ്റ് മരിച്ച ചേനക്കാട്ടിൽ ബിനുയാക്കോബിന്റെ വിധവ ഷിബയ്ക്ക് ഒരു ലക്ഷം രൂപയും. ചെതലയം റേഞ്ചിൽ ചേലൂരിൽ കാട്ടാനയുടെ ആക്രമത്തിൽ കൊല്ലപ്പെട്ട കടമ്പേവീട് കെ.എൻ.ബിജുപയുടെ വിധവ കെ.കെ.ജാജിക്ക് മൂന്ന് ലക്ഷം രൂപയും അനുവദിച്ചു.

അർബ്ബുദ രോഗി
25,000 സഹായ

കൽപ്പറ്റ: നൂറുകണ
പേർക്കാണ് മുഖ്യമന്ത്രി
ജനസമ്പർക്ക പരി
സാന്ത്വന സ്പർശമേകി
ആറ് വർഷമായി സ്ത
ബ്ബുദ രോഗബാധിതയ
കാക്കവയൽ സ്വദേശിനി
സരസ്വതി. ഇതേ
ത്തെ തുടർന്ന് ഇവ
കുടുംബത്തിലെ മൂന്ന
ഇതിനകം മരണമട
ചികിത്സക്കായി വീടും
യിടവും നഷ്ടപ്പെട്ട
ത്തി ഒരു കൈ സഹായ
നായാണ് മുഖ്യമന്ത്രിയെ
പിച്ചത്. മുഖ്യമന്ത്രിയുടെ
സമ്പർക്ക പരിപാടിയിലൂ
തൽക്കാല ആശ്വാസ
സരസ്വതിക്കും മക
മരുമകളുടെഞ്ഞുന്ന
ബത്തിനും 25,000
അനുവദിച്ചു.

******

ബത്തേരി തൊവരി
യിലെ കൂലിപണിക്കാരൻ
നാരായണ പണിക്കർ
ജോലിക്കിടയിലുണ്ടായ
കടത്തിൽ ശാരീരിക
അസ്വസ്ഥതകൾ അനുഭവി
വരുന്നു. പൂജപ്പു
ഇഷ്ടദാനമായി നൽക
എട്ടര സെന്റ് പട്ടയഭൂമിയാ
രുന്നു ഏകആശ്വാസം.
ഭൂമിയുടെമേൽ നാരായണ
ണിക്കർ ഔദ്യോഗികമാ
യാതൊരു രേഖയുമുണ്ടാ
രുന്നില്ല. പലവട്ടം സർക്ക
ഓഫീസുകൾ കയറിയിറ
യിട്ടും യാതൊരു ഫലവും
ഭിച്ചില്ല. എന്നാൽ മുഖ്യമ
യുടെ ജനസമ്പർക്ക പരി
ടിയിൽ അവതരിപ്പിച്ച
പ്രശ്നത്തിന് തക്കപരിഹാ
ലഭിച്ചു. മുഖ്യമന്ത്രിയു
ശ്രദ്ധയിൽപ്പെടുത്തിയ
പ്രശ്നത്തിന് ബത്തേരി
സിൽദാർവഴി പട്ടയഭൂ
നാരായണപണിക്കരു
പേരിൽ പതിച്ചു നൽകാ
ഉത്തരവുണ്ടായി.

******

കെട്ടിടം പണിക്കി
അപകടത്തിൽ നട്ടെല്ലി

ൻ നിന്നും വീണ് ശരീരം തളർന്ന
് മുഖ്യമന്ത്രിയുടെ കാരുണ്യ സ്പർശം

നിന്നും
ം തളർ
കോൺ
യുടെ ജ
ി അന്ന
ടലക്കു
ിഷി(27)
ുടെ സ
ായത്.
ിലേക്ക്
ികൊടു
ുത്തിച്ചു
ി നിർദ്ദേ
ുപ ചി
ായും വി
ിയെൻ
്റ് മീറ്റർ
ിഷിന്റെ
ിലെത്തി ഇ
ിക്കുന്ന
ശേഷി
വദ്യുതി
ൻ കഴി
ിനാൽ

വൈദ്യുതി കണക്ഷൻ ലഭ്യമാക്കണമെന്നും കാണിച്ച് നൽകിയ പരാതിയിലാണ് മുഖ്യമന്ത്രി അടിയന്തര നടപടി സ്വീകരിക്കാൻ കെ.എസ്ഇബി. സമ്പ്യ വകുപ്പ് അധികൃതർക്ക് നിർദ്ദേശം നൽകിയത്.

ബിഹാറിലെ സി.ആർ.പി.എഫ് കോൺസ്റ്റബിളായിരുന്നു ഭാസ്കരൻ - മീനാക്ഷി ദമ്പതിമാരുടെ മകൻ അനീഷ്. ഒന്നര വർഷം മുൻപ് ബീഹാറിലെ ബാദ് റെയിൽ വേ സ്റ്റേഷനിൽ വെച്ചാണ് ട്രെയിനിൽ നിന്നും തെറിച്ച് വീണത്.

ഇടത് കൈ പൂർണ്ണമായും അറ്റുപോവുകയും അരക്ക് താഴെ തളർന്ന് പോവുകയും ചെയ്തു. പിതാവിന്റെയും സഹോദരങ്ങളുടെയും സഹായത്തോടെ വീൽചെയറിലാണ് അനീഷ് എത്തിയത്.

വേദിയിലെ പന്തലിന് പുറത്തുള്ള സ്ഥലത്ത് വീൽ ചെയറിലെത്തിയ അനീഷിന്റെ അടുത്ത് മുഖ്യമന്ത്രി എത്തിയാണ് പരാതി സ്വീകരിച്ച് നടപടി എടുത്തത്.

ടോക്കൺ കൗണ്ടർ മുതൽ സഹായ കേന്ദ്രം വരെ

കൽപ്പറ്റ: ജനസമ്പർക്ക പരിപാടി നടന്ന എസ്.കെ.എം.ജെ സ്കൂൾ ഗ്രൗണ്ടിൽ ഒരുക്കിയത് വിപുലമായ സൗകര്യങ്ങൾ. പരാതി നൽകാനായി എത്തിയ ആയിരങ്ങൾക്കും, പൊലീസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കും, പരാതി നൽകാനെത്തിയ വരെ സഹായിക്കാനെത്തിയ രാഷ്ട്രീയ പ്രതിനിധികൾ അടക്കമുള്ളവർക്ക് യാതൊരു അസൗകര്യവും ഉണ്ടാകാത്തരീതിയിലുള്ള സംവിധാനങ്ങളാണ് ഒരുക്കിയിരുന്നത്. ടോക്കൺ കൗണ്ടർ, ഹെൽപ് ഡെസ്ക്, വൈദ്യ സഹായ കേന്ദ്രം, സഹായ കേന്ദ്രം തുടങ്ങിയവയെല്ലാം പരിപാടിയുടെ ഭാഗമായി ഒരുക്കുകയുണ്ടായി. ടോക്കൺ, ഹെൽപ് ഡെസ്ക് തുടങ്ങിയവ വളരെ സജീവമായി പ്രവർത്തിച്ചതിനാൽ ജനസമ്പർക്ക പരിപാടിക്കെത്തിയവർക്ക് യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെടുകയുണ്ടായില്ല.

മുഖ്യമന്ത്രി നിന്നും നടന്നും പരാതി സ്വീകരിച്ചത് എട്ടു മണിക്കൂർ

കൽപ്പറ്റ: മുഖ്യമന്ത്രി നിന്നും നടന്നും പരാതി സ്വീകരിച്ചത് എട്ടു മണിക്കൂർ.

. പത്തേകാലോടെയാണ് പരാതി സ്വീകരിച്ചു തുടങ്ങിയത്. വേദിക്ക് ഇടത് വശത്ത് മുഖ്യമന്ത്രിയെ കാണാൻ ആംബുലൻസിലെത്തിയ രോഗികളെയാണ് ആദ്യം കണ്ടത്.

നിരനിരയായി നിർത്തിയിട്ട ആംബുലൻസുകളിലോരോന്നിലും ചെന്ന് മുഖ്യമന്ത്രി പരാതി കേൾക്കുകയും ആനുകൂല്യം പ്രഖ്യാപിക്കുകയും ചെയ്തു. പിന്നീട് വികലാംഗരും വയോജനങ്ങളും സ്ട്രെച്ചറിച്ച ഭാഗത്തെത്തി പരാതികൾ ഓരോന്നായി പരിശോധിച്ച് പരിഹാരമുണ്ടാക്കി. മുഖ്യമന്ത്രി സ്റ്റേജിലേക്ക് കയറിയത് വൈകുന്നേരം ആറു ണിയോടെയാണ്. രാത്രി വൈകിയും മുഖ്യമന്ത്രിക്ക് ചുറ്റും പരാതിക്കാർ പൊതിഞ്ഞിരുന്നു.

കുടിച്ചത് ഇളനീർ ജൂസും കരിക്കിൻ വെള്ളവും

കൽപ്പറ്റ: പന്ത്രണ്ട് മണിക്കൂറിലേറെ നീണ്ടു നിന്ന ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി കഴിച്ചത് ഇളനീർ വെള്ളവും, ഓറഞ്ച് ജ്യൂസും, ഒരു ഗ്ലാസ് പാലും മാത്രം. പത്തര മണിയോടെ അര ഗ്ലാസ് ഓറഞ്ച് ജ്യൂസാണ് കഴിച്ചത്. ഉച്ചക്ക് ഒരു ഗ്ലാസ് പാലും കഴിച്ചു. ഇടക്കിടക്ക് ഓറഞ്ച് ജൂസ് കൊണ്ടുകൊടുത്തെങ്കിലും മുഖ്യമന്ത്രി നിരസിക്കുകയായിരുന്നു. വൈകുന്നേരം കരിക്കുവെള്ളവും കുടിക്കുകയുണ്ടായി.

ആറാം ക്ലാസ്സുകാരി പ്രശ്നപരിഹാരവുമായി മടങ്ങി

കൽപ്പറ്റ: ആറാം ക്ലാസ്സ് വിദ്യാർത്ഥിനികളായ നിഥിലയും നിഷയും ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയെ കാണാനെത്തിയത് കൗതുകമായി. ലക്കിടി സ്വദേശിനിയായ നിഥിലയുടെ പ്രശ്നം അവതരിപ്പിക്കാനായിരുന്നു ഇരുവരുടേയും വരവ്. വീട്ടിൽ നിന്നും സ്കൂളിലേക്കുള്ള ടി.ടി ബസ്സിലെ (ടൗൺ റ്റു ടൗൺ) കൺസഷനായിരുന്നു വിഷയം. ദിവസവും ഒമ്പത് രൂപ കൊടുത്ത് 20 കി. മീറ്റർ യാത്രചെയ്തുവരുന്ന നിഥിലയ്ക്ക് കൺസഷൻ ലഭിച്ചിരുന്നില്ല. ബന്ധപ്പെട്ടവരെ സമീപിച്ചിട്ടും ഫലമില്ലാത്തതിനാലാണ് മുഖ്യമന്ത്രിയെ കാണാനെത്തിയത്. പ്രശ്നം അതീവ ഗൗരവത്തോടെയാണ് മുഖ്യമന്ത്രി എടുത്തത്. കൺസഷനുള്ള നടപടികൾ ഉടൻ കൈക്കൊള്ളാമെന്ന് മുഖ്യമന്ത്രി വാക്ക് നൽകി. മാതാപിതാക്കളോടൊപ്പമോ റ്റുമുതിർന്നവരുടേയോ കൂടെയല്ല നിഥിലയെത്തിയത്. സ്വന്തം പ്രശ്നങ്ങൾ റ്റെയ്ക്ക് പരിഹരിക്കാൻ ആരെയും ഭയക്കേണ്ട ആവശ്യമില്ലെന്നതായിരുന്നു നിഥിലയുടെ അഭിപ്രായം.

വാർത്തകൾ :
പി.കെ.എ. അസീസ്
സൈനുദ്ദീൻ വൈത്തിരി
മത്തീഫ് പടയൻ
ചിത്രങ്ങൾ :
കെ.പി. ഹരിദാസ്
(ഫോട്ടോ വേൾഡ്, കൽപ്പറ്റ)

തയ്യൽ മെഷീൻ നൽകാൻ നിർദ്ദേശം

കൽപ്പറ്റ : മരത്തിൽ നിന്നും വീണ് നട്ടെല്ല് തകർന്ന് രണ്ട് കാലുകൾക്ക് ചലന ശേഷി നഷ്ടപ്പെട്ട മധ്യവയസ്കന് ഉപജീവനമാർഗ്ഗം കണ്ടെത്താനായി തയ്യൽ മിഷ്യൻ അനുവദിച്ചു. അമ്പലവയൽ കോളേരി ശ്രീധരനാണ് തയ്യൽ മിഷ്യൻ നൽകാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചത്.

മരത്തിൽ നിന്നും വീണ് നട്ടെല്ലിന് ക്ഷതമേറ്റത് മൂലം രണ്ട് കാലുകളും തളർന്ന ശ്രീനിവാസന് ഉപജീവന മാർഗ്ഗത്തിന് വേണ്ട സൗകര്യം ചെയ്തുതരണമെന്നാവശ്യപ്പെട്ടാണ് പരാതി നൽകിയത്. എന്ത് സൗകര്യമാണ് ചെയ്തുതരേണ്ടതെന്ന് ശ്രീനിവാസന്റെ അടുത്തെത്തി മുഖ്യമന്ത്രി വിവരണ്ണരിച്ചപ്പോൾ ഭാര്യയ്ക്ക് ടൈലറിംഗ് ജോലി അറിയാമെന്ന് ശ്രീനിവാസൻ മറുപടി.

കൽപ്പറ്റയിൽ ജനസമ്പർക്ക പരിപാടി മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു

ജനങ്ങളും ഗവൺമെന്റും തമ്മിലുള്ള അകലം കുറക്കുകയാണ് ജനസമ്പർക്ക പരിപാടിയുടെ ലക്ഷ്യം: മുഖ്യമന്ത്രി

കൽപ്പറ്റ: ഗവൺമെന്റും ജനങ്ങളും തമ്മിലും ജനങ്ങളുടെ പ്രശ്നങ്ങളും അധികാരവും തമ്മിലുള്ള അകലം കുറക്കുക എന്ന വലിയ ലക്ഷ്യമാണ് ജനസമ്പർക്ക പരിപാടിക്കുള്ളതെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. ജില്ലയിലെ കൽപ്പറ്റയിൽ അഞ്ചാമത് ജനസമ്പർക്ക പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ ചിന്താഗതിയും എന്താഗ്രഹിക്കുന്നു എന്നത് മനസ്സിലാക്കുകയും ചെയ്യുക എന്നതും ജനസമ്പർക്ക പരിപാടിയുടെ ഉദ്ദേശ്യമാണ്.

ഡിസംബർ 22 ന് 14 ജില്ലകളിലും പരിപാടി അവസാനിക്കുന്നതോടെ ലഭിക്കുന്ന അനുഭവസമ്പത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ പുതിയ നയപരിപാടികൾ ആവിഷ്കരിക്കും. നിലവിൽ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും സുഗമമായ പ്രവർത്തനത്തിന് നിരവധി ചട്ടങ്ങളും നിയമങ്ങളും തടസ്സമാവുന്നുണ്ട്.

ജനസമ്പർക്ക പരിപാടിയിലൂടെ ഇത്തരം പ്രായോഗിക പ്രശ്നങ്ങൾ മനസ്സിലാക്കി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ജനങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ ഒരിക്കലുമാവില്ല. എന്നാൽ തങ്ങളുടെ പ്രശ്നങ്ങൾ പരിശോധിക്കാനും പരിഗണിക്കപ്പെടാനും എല്ലാവർക്കും അവസരം ലഭിക്കണം.

പരിഹരിക്കാനാവാത്ത പ്രശ്നങ്ങളുടെ കാര്യത്തിൽ അതിന്റെ സാഹചര്യം വിശദീകരിച്ചുകൊടുക്കണം. അധികാര കേന്ദ്രങ്ങൾ തങ്ങളെ അവഗണിക്കുകയാണെന്ന തോന്നൽ ജനങ്ങൾക്കുണ്ടാവുന്നത് ജനാധിപത്യ വ്യവസ്ഥിതിക്ക് നല്ലതല്ലെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ എം.വി. ശ്രേയാംസ്കുമാർ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ചു.

വനമേഖലയിൽ താമസക്കാരുടെ പുനരധിവാസം ഉടൻ നടപ്പാക്കും

കൽപ്പറ്റ: വയനാട് വന്യജീവി സങ്കേതത്തിലെ പതിനാല് ജനാധിവാസ കേന്ദ്രങ്ങളിൽ നിന്നും കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിന് കാത്തുനിൽക്കാതെത്തന്നെ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചണ്ടണ്ടി പറഞ്ഞു. വയനാട് ജില്ലയിലെ നൂൽപ്പുഴയിൽ കുട്ടുകര ജനാധിവാസകേന്ദ്രം സന്ദർശിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. വന്യജീവിശല്യം കാരണം കൃഷിയിറക്കാൻ പറ്റാത്തതിനാൽ ജീവിതം വഴിമുട്ടിയതും കാട്ടിലെ റ്റെപ്പെടൽ കാരണം വിവാഹബന്ധങ്ങൾപോലും നടക്കാത്തവിധമുള്ള സാമൂഹിക റ്റെപ്പെടൽമൂലമുള്ള പ്രശ്നങ്ങളുമായി ബന്ധപ്പെട്ടവയായിരുന്നു പ്രധാന പരാതികൾ. എൺപത് കോടി രൂപ ചെലവിൽ വയനാട്ടിലെ വനമേഖലകളിൽ നിന്നും കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാക്കിയ പദ്ധതി നിലവിൽ കേന്ദ്ര സർക്കാറിന്റെ പരിഗണനയിലാണ്. ഇക്കഴിഞ്ഞ ഡൽഹി യാത്രയിലും ഈ വിഷയം സംബന്ധിച്ച് മുഖ്യമന്ത്രി കേന്ദ്ര വനം മന്ത്രാലയം അധികൃതരുമായി ചർച്ച നടത്തിയിരുന്നതായും മുഖ്യമന്ത്രി പറഞ്ഞു.